# ലോക പ്രാർത്ഥനാദിനം

## മാർച്ച് 6, 2026

## "വരുവീൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും" മത്തായി 11:28–30

## ആരാധനാക്രമം

## WDP നൈജീരിയ തയ്യാറാക്കിയത്

**ലക്ഷ്യം**

ദൈവത്തോട് കൂടുതൽ അടുത്തു വരുവാനും ദൈവത്തിൽ ആശ്വാസം കണ്ടെത്തുവാനും ലക്ഷ്യമിട്ടാണ് ഈ പരിപാടി തയാറാക്കിയിരിക്കുന്നത്. നമ്മുടെ വിശ്വാസവും ആശ്രയവും പൂർണ്ണമായി ദൈവത്തിലാകുമ്പോൾ നമ്മുടെ ഭാരം ലഘുവായി അനുഭവപ്പെടുകയും നാം വിശ്രമം കണ്ടെത്തുകയും ചെയ്യുന്നു. "ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും" (മത്തായി 11:28-30) എന്ന വാക്യത്തെ അടിസ്ഥാനപ്പെടുത്തി നൈജീരിയായിലെ എക്യുമെനിക്കൽ ക്രിസ്ത്യൻ സഹോദരിമാർ എഴുതിയതാണ് ഇത്. നൈജീരിയയിലെ സ്ത്രീകളുടെ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ഞങ്ങൾ ഈ ചിന്താവിഷയം പഠിച്ചു. ലോകമെമ്പാടുമുള്ള മറ്റ് സ്ത്രീകളെയും ഐക്യമത്യത്തോടെ ഏകമനസ്സോടെ നിന്ന് പ്രാർത്ഥിക്കുന്നതിന് ഇത് പ്രചോദിപ്പിക്കും എന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. നമ്മുടെ ഭാരങ്ങളെ ചുമക്കുന്ന ദൈവത്തിൽ ആശ്രയിക്കുമ്പോൾ നാം ക്രിസ്തുവിന്റെ ശരീരത്തിൽ ഒന്നായി തീരുകയും ആശ്വാസം പ്രാപിക്കുകയും ലോകത്തിന് ആശ്വാസം പകരുകയും ചെയ്യും.

**പ്രാരംഭഗാനം**

സ്തുതിഗീതം പാടുക നാം
ഉയർത്തുക ജയനാമം...

1 സ്തുതിക്ക് യോഗ്യനവൻ
സർവ്വശക്തൻ യഹോവ അവൻ
അവൻ സ്നേഹിച്ചു നമ്മെ വീണ്ടെടുത്തു
സ്വന്ത ജനമായി തീർത്തതിനാൽ ...സ്തുതിഗീതം പാടുക

2 സേനകളിൻ നായകൻ
സർവ്വശക്തൻ യഹോവ അവൻ
അവൻ മുമ്പിലും അവൻ പിമ്പിലും
നമ്മെ ജയത്തോടെ നടത്തിടുമേ ...സ്തുതിഗീതം പാടുക

3 രാജാധി രാജനവൻ
സർവ്വശക്തൻ യഹോവ അവൻ
സ്തുതി സ്തോത്രവും എല്ലാ പുകഴ്ചയും
അവനെന്നെന്നും ആമേൻ ...സ്തുതിഗീതം പാടുക

**പ്രാരംഭ പ്രാർത്ഥന**

*നമുക്ക് പ്രാർത്ഥിക്കാം.*

ഞങ്ങളുടെ ഭാരങ്ങളെ വഹിക്കുന്ന കർത്താവേ, ഞങ്ങൾ സ്തുതി സ്തോത്രങ്ങളോടെ തിരുമുമ്പിൽ വരുന്നു! നീ ആൽഫായും ഒമേഗായും, ആദ്യവും അന്ത്യവും ആകുന്നു. നിന്നിൽ ഞങ്ങൾ ജീവിക്കുകയും ചരിക്കുകയും നിലനല്ക്കുകയും ചെയ്യുന്നു.

രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടിന്നിടത്ത് അവരുടെ മദ്ധ്യേ ഞാൻ ഉണ്ടാകും എന്ന നിന്റെ വാഗ്ദത്തം വിശ്വസിച്ച് ഞങ്ങൾ കൂടിവന്നിരിക്കുന്നു. അതിനാൽ കർത്താവേ നിന്റെ സാന്നിദ്ധ്യം ഞങ്ങൾ കാംക്ഷിക്കയും അത് ആഘോഷിക്കുകയും ചെയ്യുന്നു.

നീ ഞങ്ങളുടെ മദ്ധ്യേ എഴുന്നെള്ളുമെന്ന പ്രത്യാശയിൽ ഈ ആരാധന ഞങ്ങൾ തൃക്കരങ്ങളിൽ സമർപ്പിക്കുന്നു. ഞങ്ങളുടെ മദ്ധ്യേ നീ അയച്ചിരിക്കുന്ന പരിശുദ്ധാത്മാവിനെ ഞങ്ങൾ തിരിച്ചറിയുവാനും ഈ സ്ഥലം നിന്റെ സാന്നിദ്ധ്യത്താൽ നിറയണമേ എന്നും പ്രാർത്ഥിക്കുന്നു.
യേശുവിന്റെ നാമത്തിൽ ഞങ്ങൾ പ്രാർത്ഥിക്കുന്നു, ആമേൻ.

**സ്വാഗതം**

ലോകമെമ്പാടുമുള്ള വിവിധ ക്രൈസ്തവസമൂഹത്തിൽ നിന്നുമുള്ള നിങ്ങളേവരെയും ഞങ്ങൾ സ്വാഗതം ചെയ്യുന്നു. പ്രാർത്ഥനയിലും പ്രവർത്തനങ്ങളിലും നമുക്ക് കൈകോർത്തുകൊണ്ട് നമ്മുടെ ശബ്ദം ഉയർത്തുവാൻ ഈ ദിനം പ്രയോജനപ്പെടുത്താം. നിങ്ങളുടെ എല്ലാ ഭാരങ്ങളും കർത്താവിന്റെ സന്നിധിയിൽ കൊണ്ടുവന്ന് കർത്താവിൽ ആശ്വാസം കണ്ടെത്താം.

**നമ്മുടെ ചിന്താവിഷയം** *"വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും"* എന്നതാണല്ലോ. അദ്ധ്വാനിക്കുകയും ഭാരം ചുമക്കുകയും ചെയ്യുന്നവർക്കുള്ള നമ്മുടെ കർത്തൊവിന്റെ ആഹ്വാനം ആണ് അത്. ആയതിനാൽ നാം ആയിരി

ക്കുന്ന സ്ഥിതിയിൽ ആശ്വാസത്തിനായി നമുക്ക് അവന്റെ അടുക്കലേക്ക് ചെല്ലാം. നാം ഒരുമിച്ച് ആരാധിക്കുന്ന വേളയിൽ നമുക്ക് അന്യോന്യം ഭാരങ്ങൾ പങ്കുവെക്കാം. ഐക്യതയിൽ നമുക്ക് പരസ്പരം ബലപ്പെടാം. ക്രിസ്തുവിൽ നാം ഐക്യമത്യപ്പെട്ടിരിക്കുന്നതിനാൽ നമുക്ക് ഓരോരുത്തർക്കും ഇവിടെ സ്വന്തമാണെന്ന ബോധം കണ്ടെത്താനാകട്ടെ.

**ആഹ്വാനഗാനം**

1 നീ ക്ഷീണിച്ചോ നീ വലഞ്ഞോ വ്യാകുലപ്പെട്ടോ
എങ്കൽ വിശ്രമിക്കെന്നേശു ചൊല്ലുന്നു

2 താൻ നായകനാകിൽ തന്റെ ലക്ഷ്യമെന്താകും
പാദം കൈ വിലാവുകളിൽ പാടുകൾ

3 രാജാവിനെന്ന പോലുണ്ടോ രാജമുടിയും
മുടിയുണ്ട് സൂക്ഷ്മം തന്നെ മുൾമുടി

4 തൻ പിൻചെന്നാൽ താനിഹത്തിൽ തരുന്നതെന്ത്?
മഹാദുഃഖം മഹായത്നം മാ ക്ലേശം

5 എന്നും തന്നിൽ പറ്റിച്ചേർന്നാൽ എന്തുണ്ടവനിൽ?
ദുഃഖം തീർന്നു യത്നം നീങ്ങി സ്വർപ്രാപ്തി

6 എന്നെ ചേർപ്പാൻ ഞാൻ യാചിച്ചാൽ എന്നെ തള്ളുമോ?
ഇല്ലില്ലാകാശം ഭൂമിയും പോയാലും

7 ഭദ്രം ചേർന്നു നിത്യം പാർത്താൽ ഭാഗ്യം ലഭ്യമോ?
വിശുദ്ധവാക്യം ചൊല്ലുന്നു 'ലഭ്യമാം'

ലോകമെമ്പാടുമുള്ള ക്രൈസ്തവർ വിഭാഗഭേദമെന്യേ ഏറ്റുപാടുന്ന സുപരിചിത ഗാനമാണ് ഇത്. ഈ ഗാനത്തോട് ചില വരികൾ കൂടെ നമ്മുടെ സഹോദരിമാർ ചേർത്ത് പാടിയത് ഇപ്രകാരമാണ്:

ഏകാന്തതയും ദുഃഖങ്ങളും നിന്നെ തളർത്തുന്നോ?
സാഹോദര്യ ഐക്യത്തിൽ അനുഗ്രഹമുണ്ടാം.

അക്രമവും ഭീകരതയും വർദ്ധിച്ചീടുമ്പോൾ
നമ്മുടെ പ്രാർത്ഥന ഇരുളിൽ പ്രകാശമായീടും

ഭീതിയാൽ തളർന്ന സഹോദരങ്ങളുണ്ടോ?
ക്രിസ്തുവിന്റെ നുകമേറ്റാൽ ശാന്തിയുണ്ടാം

മനം തളർന്നിരിക്കുന്നെങ്കിൽ യേശുവിങ്കൽ ചെല്ലാം
തൻകരത്തിൽ ആശ്വാസം നാം കണ്ടെത്തും

**ഒരു ചിത്രീകരണം**

**ആഖ്യാതാവ്:** അനുവും മിനുവും പ്രൈമറി ക്ലാസ്സിൽ ഒരേ ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളാണ്. അവരുടെ ക്ലാസ്സിലെ റിയാ വളരെ ആത്മവിശ്വാസം കുറഞ്ഞവളും കൂട്ടുകാർക്കൊപ്പം എത്തുവാൻ ബുദ്ധിമുട്ടുന്നവളുമാണ്. നമ്മിൽ ഏറ്റവും ചെറുപ്രായക്കാരും ഭാരങ്ങളുള്ളവരാണ് എന്ന് ഈ ചിത്രീകരണം വെളിവാക്കുന്നു. വ്യത്യസ്തങ്ങളായ ഘട്ടങ്ങളിൽ നാം ഓരോരുത്തരും നേരിട്ടിട്ടുള്ള ജീവിത വെല്ലുവിളികളെ ഇത് അനുസ്മരിപ്പിക്കുന്നു.

**അനു:** ഇപ്പോൾ ഇടവേളയാണ്. നമുക്ക് റിയായെ പോയി കാണാം.

**മിനു:** ശരി, നമുക്ക് പോകാം.

(അവർ റിയായുടെ അടുത്തേക്ക് പോകുന്നു. അവൾ മേശമേൽ തലയമർത്തി ആകെ തളർന്നിരിക്കുകയായിരുന്നു)

**അനു:** ഹായ് റിയാ, നിനക്ക് സുഖമാണോ?

**മിനു:** ഞങ്ങൾ നിനക്കൊപ്പം കളിക്കാൻ വന്നതാണ്. നീ ആകെ സങ്കടപ്പെട്ടിരിക്കുന്നല്ലോ. എന്തു പറ്റി?

**റിയാ:** (വിതുമ്പലോടെ) എന്റെ ടീച്ചർ പറഞ്ഞു എന്നെക്കൊണ്ട് ഒന്നിനും കൊള്ളുകയില്ല എന്ന്. നിങ്ങൾ രണ്ടു പേരും പുതിയ ക്ലാസ്സിലെത്തി. ഞാൻ ഇപ്പോഴും നാലാം ക്ലാസ്സിൽതന്നെയാണ്. ഈ ലളിതമായ കണക്ക് പോലും എനിക്ക് ഉത്തരം കണ്ടെത്താൻ കഴിയുന്നില്ല!

(റിയായുടെ കരച്ചിൽ ഉച്ചത്തിലായി)

**റിയാ:** മാത്രമല്ല എന്റെ ഡാഡി പറഞ്ഞത് ഇനി ഞാൻ തോല്ക്കുകയാണെങ്കിൽ പഠിക്കാൻ സ്കൂളിലെ ഫീസ് നല്കുകയില്ല എന്നാണ്.

**മിനു:** ആ വാക്കൊന്നും ഓർത്ത് സങ്കടപ്പെടേണ്ട. അത് വിട്ടുകളയുക. നീ നേഴ്സറിയിൽ നല്ല മിടുക്കി ആയിരുന്നല്ലോ. നിനക്ക് ഇനിയും നല്ല മിടുക്കിയാകാൻ പറ്റും.

**അനു:** അത് ശരിയാണ്. ഞാൻ ഒന്നിലും രണ്ടിലും പഠിക്കുമ്പോൾ വളരെ "പതുക്കെയാണ്" എന്നാണ് അറിയപ്പെട്ടിരുന്നത്. എന്നാൽ ഇപ്പോൾ ഭേദമായില്ലേ?

**റിയാ:** (കണ്ണുനീർ തുടച്ചുകൊണ്ട്) സത്യം? അതെങ്ങനെ സാധിച്ചു?

**അനു:** എന്റെ മാതാപിതാക്കൾ എനിക്കുവേണ്ടി പ്രാർത്ഥിച്ചു. മാത്രമല്ല എന്റെ അമ്മ എന്നെ ഒരു പ്രത്യേക പ്രാർത്ഥന

പഠിപ്പിക്കുകയും ചെയ്തു. നീ അത് ഒന്ന് ശ്രമിക്കുന്നോ?

**റിയാ:** തീർച്ചയായും

**അനു:** എന്റെ പിന്നാലെ ചൊല്ലുക... കർത്താവേ ഞാൻ നിന്റെ പൈതലാകുന്നു.

**റിയാ:** കർത്താവേ ഞാൻ നിന്റെ പൈതലാകുന്നു.

**അനു:** എനിക്ക് കഴിവുണ്ട്

**റിയാ:** എനിക്ക് കഴിവുണ്ട്.

**അനു:** എനിക്ക് പഠിക്കാനും വളരാനും കഴിയും, ആമേൻ

**റിയാ:** എനിക്ക് പഠിക്കാനും വളരാനും കഴിയും, ആമേൻ

**മിനു:** റിയാ, യേശു നിന്റെ സ്നേഹിതാണെന്ന് ഓർക്കുക. അവന് നിന്റെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയും.

**അനു:** അതേ! നിനക്ക് സങ്കടവും ഭയവും തോന്നുമ്പോൾ യേശുവിനോട് പറയുക. നിനക്ക് ആശ്വാസം ലഭിക്കും.

**റിയ:** (ചെറു പുഞ്ചിരിയോടെ) നന്ദി. നിങ്ങൾ രണ്ടുപേരും ശരിക്കും വലിയ സ്നേഹിതരാണ്.

മൂവരും ചേർന്ന്: കർത്താവായ യേശുവേ ഞങ്ങളുടെ സ്നേഹിതനും സഹായിയുമായിരിക്കുന്നതിനായി നിനക്ക് നന്ദി.

(മൂവരും സന്തോഷത്തോടെ ആലിംഗനം ചെയ്യുന്നു)

ആഖ്യാതാവ്: രണ്ട് മാസങ്ങൾക്ക് ശേഷം...

പ്രധാന അധ്യാപിക: എല്ലാവരും നല്ല ഒരു കയ്യടി നല്കുക. നമ്മുടെ റിയാ ഇപ്പോൾ ക്ലാസ്സിലെ രണ്ടാം സ്ഥാനത്ത് ആയിരിക്കുന്നു.

(എല്ലാവരും കയ്യടിക്കുന്നു)

**അനു:** (റിയായെ കെട്ടിപ്പിടിച്ചുകൊണ്ട്) കണ്ടോ? നീ ചോദിച്ചപ്പോൾ യേശു നിന്നെ സഹായിച്ചു. അവൻ നിന്റെ ദുഃഖത്തെ മായച്ചുകളഞ്ഞു. നിനക്ക് പഠിത്തത്തിൽ ഏകാഗ്രത നല്കുകയും ചെയ്തു.

**റിയാ:** (ചിരിയോടെ) അതേ, തീർച്ചയായും! എനിക്ക് നല്ല സന്തോഷം തോന്നുന്നു. യേശുവേ നന്ദി.

എല്ലാവരും: റിയായ്ക്ക് അഭിനന്ദനങ്ങൾ (കയ്യടിക്കുന്നു)

*നീ ക്ഷീണിച്ചോ നീ വലഞ്ഞോ എന്ന ചരണം പാടുന്നു...*

**വേദപാഠം വായന:** മത്തായി 11:28-30

"അദ്ധ്വാനിക്കുന്നവരും....എന്റെ നുകം മൃദുവും ആകുന്നു."

*നിങ്ങളുടെ കയ്യിലുള്ള പേപ്പറിൽ കാണുന്നപ്രകാരം പ്രതിവാക്യം പറയണം.*

ലീഡർ: അദ്ധ്വാനിക്കുന്നവരും തളർന്നവരുമായ ഏവരുമേ, യേശുവിങ്കലേക്ക് വരിക

**എല്ലാവരും: ഞങ്ങൾ വരുന്നു.**

ലീഡർ: വൻഭാരങ്ങൾ ചുമക്കുന്ന ഏവരുമേ, യേശുവിങ്കലേക്ക് വരിക

**എല്ലാവരും: ഞങ്ങൾ വരുന്നു.**

ലീഡർ: ദൈവം നിങ്ങളെ ആശ്വസിപ്പിക്കും

**എല്ലാവരും: ദൈവം ഞങ്ങളെ ആശ്വസിപ്പിക്കും.**

ലീഡർ: യേശു നല്കുന്ന നുകം സ്വീകരിച്ചുകൊള്ളുക. അത് മൃദുവും ലഘുവും ആണ്.

**എല്ലാവരും: ഞങ്ങൾ ആ നുകം സ്വീകരിക്കുന്നു.**

ലീഡർ: സൗമ്യതയും വിനയവും ഉള്ളവനിൽ നിന്നു പഠിച്ചുകൊള്ളുക.

**എല്ലാവരും: ഞങ്ങൾ പഠിക്കുന്നതിന് എത്തിയിരിക്കുന്നു.**

ലീഡർ: നിങ്ങൾ ഹൃദയത്തിൽ ആശ്വാസവും സമാധാനവും കണ്ടെത്തും.

**എല്ലാവരും: ദൈവത്തിന് നന്ദിയോടെ സ്തോത്രം.**

## അനുഭവകഥകളും പ്രാർത്ഥനകളും

പ്രിയ സഹോദരങ്ങളേ, യേശു നമ്മെ ആശ്വസിപ്പിക്കുന്നതിനായി ക്ഷണിക്കുന്നു എന്നു നാം കേട്ടല്ലോ. നമ്മുടെ ഭാരങ്ങൾ അവനെ ഭരമേല്പിക്കുവാനും ആശ്വാസം കണ്ടെത്തുവാനും ആഹ്വാനം ചെയ്യുന്നു. നൈജീര്യക്കാരായ മൂന്നു സഹോദരിമാരുടെ അനുഭവസാക്ഷ്യങ്ങൾ നാം കേൾക്കുവാൻ പോകുകയാണ്. അത് ലോകത്തിലെല്ലായിടത്തും ഉള്ളവരുടെയും അനുഭവമാണ് എന്നു ഞങ്ങൾ വിശ്വസിക്കുന്നു.

"ഒരുവന്റെ വേദന എല്ലാവരുടെയും വേദനയാണ്" എന്നൊരു പഴഞ്ചൊല്ലുണ്ട്. ഈ കഥകൾ കേൾക്കുമ്പോൾ ആ സഹോദരിമാരുടെ വേദന നമ്മുടെയും വേദനയായിരുന്നു എന്നു നമുക്ക് മനസ്സിലാകും. ഈ കഥകൾ നല്കിയിരിക്കുന്നത് നിരാശ ഉളവാക്കുവാനല്ല മറിച്ച്, ഏറ്റവും പ്രയാസമേറിയ സാഹചര്യത്തിലും ദൈവം എപ്രകാരം ആശ്വസിപ്പിക്കുന്നു എന്നു കാട്ടുന്നതിനത്രെ. ഈ അനുഭവ സാക്ഷ്യങ്ങൾ നമ്മോട് ഇടപെടുമാറാകട്ടെ. ലോകമെമ്പാടുമുള്ള ഭാരം

വഹിക്കുന്നവർക്കൊപ്പം പ്രാർത്ഥനയുടെ ശബ്ദം ഉയർത്തുവാൻ ഇത് നമ്മെ പ്രചോദിപ്പിക്കട്ടെ. നാം ക്രിസ്തുവിൽ ഒരു ശരീരമാണ്. അതിനാൽ ശരീരത്തിലെ ഒരു ഭാഗത്തുണ്ടാകുന്ന വേദന എല്ലാവരെയും ബാധിക്കും. എന്നാൽ ഒരുവൻ ക്രിസ്തുവിൽ ആശ്വാസം കണ്ടെത്തുന്നത് ശരീരത്തിനാകമാനം ആശ്വാസം പകരും.

ഈ കഥകൾ നമുക്ക് ആശ്വാസം പകരുവാൻ തക്കവണ്ണം ശക്തമായി ഇടപെടട്ടെ. മാത്രമല്ല, സർവ്വഭൂമിയിലുമുള്ളവരെയും ഓർത്ത് പ്രാർത്ഥിക്കുന്നതിനുള്ള ആർദ്രതയും ഐക്യവും നമ്മിൽ ഇത് വളർത്തുമാറാകട്ടെ.

**ഒരു ഗാനം പാടാം:**

1. മാറിടാത്ത യേശുനാഥൻ
   മാറ്റും നിന്റെ വേദന
   പാപത്താലും രോഗത്താലും
   കലങ്ങിടേണ്ട കടന്നു വാ...
      *കടന്നു വാ...കടന്നു വാ...*
      *യേശു നിന്നെ വിളിക്കുന്നു* (2)
2. ലോകത്തിൻ ഭാരം ചുമക്കും
   യേശുവിങ്കൽ നീ കടന്നു വാ
   തളർന്ന നിന്റെ അന്താരാത്മ-
   ക്ലേശം നീക്കും കടന്നു വാ...
3. ലോകബന്ധം കൈവെടിയും
   ദ്രോഹിച്ചു നിന്നെ പുറന്തള്ളും
   പാവനൻ താൻ സ്നേഹത്തോടെ
   അരികിലുണ്ട് കടന്നു വാ...

ആശ്വാസദായകനായ രക്ഷകനെ നിങ്ങളുടെ സ്നേഹിതർക്ക് പരിചയപ്പെടുത്തുക. അവങ്കലേക്ക് അവരെ ആനയിച്ചു കൊണ്ടുവരിക.

**ബിയാട്രിസിന്റെ കഥ:** ക്രമീകൃതമായ അടിച്ചമർത്തലിന്റെ കഥ.

എന്റെ പേര് ബിയാട്രിസ്. എനിക്ക് 28 വയസ്സായപ്പോൾ ഞാൻ വിധവയായി. എന്റെ ഭർത്താവ് ഒരു വർഗ്ഗീയ സംഘട്ടനത്തിൽ കൊല്ലപ്പെട്ടു. അദ്ദേഹത്തിന്റെ മരണത്തോടെ എനിക്ക് പങ്കാളിയെ നഷ്ടപ്പെടുക മാത്രമായിരുന്നില്ല, സമൂഹത്തിൽ എനിക്കുണ്ടായിരുന്ന സ്ഥാനവും നഷ്ടപ്പെട്ടു. പെട്ടെന്ന് ഞാനും മൂന്നു മക്കളും ഒറ്റപ്പെട്ട അവസ്ഥയിലായി. ലോകം ഞങ്ങൾക്ക് നേരേ മുഖം തിരിച്ചതുപോലെ അനുഭവപ്പെട്ടു.

ഒരു വിധവയായ ഞാൻ നൈജീരിയയിൽ നേരിട്ട പോരാട്ടങ്ങൾ അതിശക്തമായിരുന്നു. കഠിനദാരിദ്ര്യം ഞങ്ങൾ അനുഭവിച്ചു. പ്രധാന വരുമാനം നിലച്ചപ്പോൾ ജീവിതചെലവുകൾ കണ്ടെത്തുന്നതിന് ഞാൻ ഒറ്റയ്ക്ക് വളരെ ബുദ്ധിമുട്ടി. സഹായിക്കുമെന്നു കരുതിയ ഭർത്തൃവീട്ടുകാരും സഹായിച്ചില്ല എന്നു തന്നെയല്ല എന്നെ സംശയത്തോടെ നോക്കുവാനും ഭർത്താവിന്റേതായി ഞങ്ങൾക്കുണ്ടായിരുന്ന അല്പം നിലവും കവർന്നെടുക്കുവാൻ ശ്രമിച്ചു. കുഞ്ഞുങ്ങൾക്ക് എങ്ങനെ ഭക്ഷണം കണ്ടെത്തും എന്നും അവരുടെ സ്കൂൾ ഫീസ് എങ്ങനെ അടയ്ക്കും എന്നു ഭാരപ്പെട്ട ദിനങ്ങളും ഉണ്ടായിട്ടുണ്ട്.

എങ്കിലും ഈ വേദനകളുടെ മദ്ധ്യത്തിലും ഞാൻ എന്റെ വിശ്വാസത്തിലും വിധവമാരുടെ കൂട്ടായ്മയിലും ശക്തി കണ്ടെത്തി. എന്റെ പ്രാദേശിക സഭ നടത്തിയ ഒരു ശാക്തീകരണപരിപാടിയിൽ പങ്കെടുത്തത് ഞാൻ ഓർക്കുന്നു. 50 വിധവമാരെയാണ് അവർ പ്രതീക്ഷിച്ചത് എന്നാൽ നൂറിൽപരം പേർ അതിൽ പങ്കെടുത്തു. ഞാൻ മാത്രമല്ല എന്നെപ്പോലെ പോരാട്ടം നേരിടുന്ന നിരവധിപേർ വേറെ ഉണ്ടെന്നു ഞാൻ അന്ന് മനസ്സിലാക്കി.

എന്നെ ഏറ്റവും പ്രചോദിപ്പിച്ചത് സഹ വിധവമാരുടെ വിശ്വാസവും മനക്കരുത്തുമാണ്. ഞങ്ങളുടെ ദുരിതങ്ങളുടെ മദ്ധ്യത്തിലും ഞങ്ങളിൽ പലരും ഞങ്ങളുടെ ഭാരം വഹിക്കുന്ന ക്രിസ്തുവിലുള്ള വിശ്വാസത്തിൽ ശക്തിയും ആശ്വാസവും കണ്ടെത്തി. ചെറുപ്പക്കാരായ വിധവകൾ തങ്ങളുടെ കുഞ്ഞുങ്ങളുമായി പള്ളിയിൽ അവിശ്രാമം കഠിനപ്രയത്നം ചെയ്യുന്നത് ഞാൻ കണ്ടു. സാഹചര്യങ്ങൾ അവരുടെ വിശ്വാസത്തെ ഒട്ടും ഉലച്ചില്ല.

ഞങ്ങളുടെ സമൂഹത്തിലെ ഒരു വിധവ തന്റെ ഭർത്താവിന്റെ മരണശേഷം മറ്റ് വിധവമാരെ പിന്തുണയ്ക്കുന്നതിന് ഒരു പരിപാടി ആരംഭിച്ചു. ഞങ്ങളെ സഹായിക്കുന്നതിന് വസ്ത്രങ്ങളും പണവും അരിയും മറ്റും ദാനം നല്കുന്നതിന് അവൾ ജനങ്ങളെ ഉത്സാഹിപ്പിച്ചു. അവളുടെ ഉത്സാഹം എന്നിലും ആവേശം പകർന്നു. ഇന്ന് ഞാൻ എനിക്കുള്ള തുച്ഛസ്രോതസ്സുകളുപയോഗിച്ച് മറ്റ് വിധവമാരെ ചെറുതായെങ്കിലും സഹായിക്കുന്നു. ഞങ്ങൾ ഒരുമിച്ച് ഇന്ന് ശക്തരാണ്.

ഇവയിലെല്ലാറ്റിലൂടെയും ഞങ്ങൾ ഞങ്ങളുടെ കുടുംബങ്ങളോടും ഭർത്താവിന്റെ ഓർമ്മകളോടും വിശ്വസ്തരായി നിലനില്ക്കുന്നു. ഭാര്യമാർ മരിച്ചവർ അതിവേഗം പുനർവിവാഹത്തിന് ഒരുങ്ങുമ്പോൾ മക്കളുള്ള വിധവമാരായ ഞങ്ങൾ കുടുംബത്തെയും മക്കളെയും ചേർത്തുപിടിക്കുന്നതിൽ ശ്രദ്ധ ചെലുത്തുന്നു. അത്ര എളുപ്പമുള്ള കാര്യമല്ല ഇത്. എന്നാൽ വിശ്വാസത്തിന്റെ ബലത്തിലും സമൂഹത്തിന്റെ കൈത്താങ്ങലനുഭവിച്ചും ഞങ്ങൾ ശക്തി കണ്ടെത്തുന്നു. ഞങ്ങളുടെ ഭാരം കഠിനമാണ് എങ്കിലും ഞങ്ങൾ യേശുവിന്റെ പാദത്തിങ്കൽ ഞങ്ങളുടെ ഭാരങ്ങൾ ഇട്ടുകൊണ്ട് അവന്റെ വാഗ്ദത്തത്തിൽ ആശ്വാസം കണ്ടെത്തുന്നു.

**മദ്ധ്യസ്ഥ പ്രാർത്ഥന**

നമുക്ക് പ്രാർത്ഥിക്കാം: ദൈവമേ, നീയാകുന്നു ഏറ്റവും വലിയ ഭാരം വഹിക്കുന്നവൻ. ലോകത്തിന്റെ എല്ലാ കോണുകളിൽനിന്നും നിന്റെ മക്കളായ ഞങ്ങൾ നിന്റെ അടുത്തേക്ക് വരുന്നു. ക്രമീകൃതമായ അടിച്ചമർത്തലുകൾ നേരിടുന്ന

ബിയാട്രിസിനെപ്പോലെയുള്ള മറ്റ് സഹോദരിമാർക്കൊപ്പം ചേർന്നു ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു.

കാരുണ്യവാനായ ദൈവമേ, നീ ഞങ്ങളെ കാണുന്നുണ്ട് എന്നു ഞങ്ങൾക്കറിയാം. സ്ത്രീകളെന്ന നിലയിലും വിധവകളായും ന്യൂനപക്ഷങ്ങളായും ഞങ്ങൾ നേരിടുന്ന മുൻവിധിയും വിവേചനങ്ങളും നീ അറിയുന്നു. ഞങ്ങളിൽ ചിലർ ഫാക്ടറികളിലും വയലുകളിലും വീടുകളിലും എല്ലുമുറിയെ പണിയെടുത്ത് തളുന്നു. ചിലർക്ക് ഒരു പണിയും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. അവർ കടുത്ത ദാരിദ്ര്യം നേരിടുന്നു. ഞങ്ങൾക്കെല്ലാവർക്കും വേണ്ടി കൃപാലുവായ കർത്താവേ പ്രവർത്തിക്കണമേ.

കഠിനമായ ജീവിതസാഹചര്യങ്ങളിലും വിശ്വസ്തരായി നിൽക്കുന്ന ഓരോരുത്തരുടെയും മനക്കരുത്തിനും കഴിവുകൾക്കുമായി കൃപാലുവായേ ദൈവമേ, അങ്ങയ്ക്ക് നന്ദി കരേറ്റുന്നു. ഒരു മെച്ചപ്പെട്ട ലോകം കെട്ടുപണിചെയ്യുന്നതിൽ മുന്നേറുവാൻ അവരുടെ ജീവിതം ഞങ്ങൾക്ക് പ്രചോദനമാകുമാറാകട്ടെ.

സർവ്വശക്തനായ കർത്താവേ, നിന്റെ കരങ്ങളുടെ ശക്തി ഞങ്ങൾ കണ്ടനുഭവിച്ചവരാണ്. നിന്റെ കരത്താൽ നീ ചെങ്കടൽ വിഭാഗിച്ചു. ഇന്ന് കർത്താവേ അനേകരെ മുക്കിക്കൊല്ലുന്ന അനീതിയുടെയും അവഗണനയുടെയും കടലുകളെ നീ വിഭാഗിക്കണമേ. എല്ലായിടത്തുമുള്ള ഭരണാധികാരികൾ നീതിയോടും ദയയോടും ഭരിക്കുന്നതിന് ലോകത്തെല്ലായിടത്തുമുള്ള നേതാക്കളോട് സംസാരിക്കണമേ. പാർശ്വവൽക്കരിക്കപ്പെട്ടവരോടുള്ള തങ്ങളുടെ മനോഭാവവും പെരുമാറ്റവും മാറ്റുന്നതിനുള്ള മനസ്സ് ഉണ്ടാകുവാൻ സമൂഹങ്ങളോട് ഇടപെടണമേ.

സ്നേഹവാനായ യേശുവേ, നീ അടിച്ചമർത്തപ്പെട്ടവരോടും പുറന്തള്ളപ്പെട്ടവരോടും കരുണകാട്ടി അവരെ ഉയർത്തിയല്ലോ. അത്തരം വ്യവസ്ഥിതിയിൽ ബുദ്ധിമുട്ടുന്നവർക്കായി കർത്താവേ ഇന്ന് അങ്ങ് പ്രവർത്തിക്കണമേ. ഞങ്ങളുടെ ഭാരങ്ങൾ കഠിനമെന്ന് തോന്നുന്ന സന്ദർഭങ്ങളിലും നിന്നെ പൂർണ്ണമായി ആശ്രയിപ്പാൻ ഞങ്ങളെ സഹായിക്കണമേ.

പരിശുദ്ധാത്മാവേ ഞങ്ങളെ പുതുക്കണമേ. നിന്റെ ശക്തി ലോകത്താകമാനും അനുഭവപ്പെടുമാറാകണമേ. ഞങ്ങളുടെ കരച്ചിലിന്റെ ശബ്ദത്തെ മറികടക്കാതെയും ഞങ്ങളുടെ ഭാരങ്ങളെ വഹിക്കുകയും ചെയ്ത കരുണാനിധിയായ ദൈവമേ അങ്ങേയ്ക്ക് നന്ദി. അവസ്ഥകൾക്ക് മാറ്റം വരുത്തുവാൻ പ്രാപ്തമായ അവിടുത്തെ അപരിമിതമായ ശക്തിയെയും മാറ്റമില്ലാത്ത സ്നേഹത്തെയും ഞങ്ങൾ വിശ്വസിച്ച് ആശ്രയിക്കുന്നു.

ആമേൻ.

*മാറിടാത്ത യേശുനാഥൻ...*എന്ന ഗാനത്തിന്റെ ഒരു ചരണം പാടാം.

**ജതോയുടെ കഥ:** മതപരമായ പീഡനത്തിന്റെ കഥ

നൈജീരിയയുടെ വടക്കൻ മേഖലയിൽ പാർക്കുന്ന ക്രിസ്ത്യാനിയാണ് ഞാൻ. ഓരോ ദിവസവും 14 വയസ്സുള്ള എന്റെ മകൾ ആമിനയെ സ്കൂളിൽ അയക്കുമ്പോൾ എന്റെ ഹൃദയം ആകുലതകളാൽ വരിഞ്ഞുമുറുകുന്നു. ഇവിടെ നിന്നും ഏതാനും മണിക്കൂർ അകലെയുള്ള ഡപ്ചിയിലേക്ക് സ്കൂളിൽ നിന്നും പിടിച്ചുകൊണ്ടുപോയപ്പോൾ ലെയാ ഷാരിബുവിനും ആമിനയുടെ അതേ പ്രായമായിരുന്നു.

ലേയായുടെ കഥ എന്നെ വല്ലാതെ അലട്ടുന്നു. വിശ്വാസത്തിൽ ഉറപ്പുള്ളവളും ബന്ധികളുടെ മദ്ധ്യത്തിലും ക്രിസ്തുവിലുള്ള വിശ്വാസം മുറുകെ പിടിക്കുന്നവളാണ് ലേയാ. ഇപ്പോൾ എട്ട് വർഷമായി അവൾ ബൊക്കൊ ഹറാമിന്റെ തടവുകാരിയായി അവൾ കഴിയുന്നു. ഓരോ തവണയും ആമിനയെ കാണുമ്പോഴും ലേയയുടെ സ്ഥാനത്ത് ആമിന ആയിരുന്നെങ്കിൽ എന്ന ഭീതി എന്നെ വല്ലാതെ ഗ്രസിക്കുന്നു.

മതപീഡനത്തിന്റെ ചുറ്റുപാടിൽ പാർക്കുക എന്നത് എളുപ്പമുള്ള കാര്യമല്ല. വിശ്വാസം ആരോപിച്ച് ക്രിസ്ത്യാനികളെ കൊന്ന പ്രദേശങ്ങളുണ്ട്. എന്നാൽ ദൈവകൃപയാൽ ഞങ്ങൾ മുസ്ലീം അയൽക്കാർക്കൊപ്പം ഇപ്പോഴും പാർക്കുന്നു. എല്ലായിടത്തും ഇങ്ങനെയല്ല. തെക്കുപടിഞ്ഞാറുള്ള യൊരുബലാന്റിൽ ക്രിസ്ത്യാനികളും മുസ്ലീങ്ങളും ഒരു കുടുംബംപോലെ കഴിയുന്നു. ലോകത്തിന്റെ മറ്റ് ചില ഇടങ്ങളിൽ വിശ്വാസത്തിന്റെ പേരിൽ ക്രിസ്ത്യാനികൾ മറ്റുള്ളവരെ പീഡിപ്പിക്കുന്നുണ്ട് എന്നും എനിക്കറിയാം.

മതപീഡനങ്ങളുടെ പശ്ചാത്തലത്തിൽ എന്റെ വിശ്വാസത്തിന്റെ പ്രസക്തിയെക്കുറിച്ച് ഞാൻ പലപ്പോഴും ചിന്തിക്കാറുണ്ട്. നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ എന്നും നിങ്ങളെ ഉപദ്രവിക്കുന്നവർക്ക് വേണ്ടി പ്രാർത്ഥിപ്പിൻ എന്നും യേശു പറയുന്നു. സത്യം പറഞ്ഞാൽ ഇത് എളുപ്പമല്ല. എവിടെയങ്കിലും നടന്ന അക്രമത്തെക്കുറിച്ചും തട്ടിക്കൊണ്ടുപോകലിനെക്കുറിച്ചും കേൾക്കുമ്പോൾ എന്നിൽ കോപം ഇരച്ചുകയറുന്നു. എങ്കിലും ക്രിസ്ത്യാനി ആയിരിക്കുക എന്നാൽ ക്രിസ്തുവനെപ്പോലെ ആയിരിക്കുക ആണെന്ന് എന്റെ അന്തരംഗം ഓർപ്പിക്കുന്നു.

ഈ സംഘർഷങ്ങൾ ഇന്നലെ ആരംഭിച്ചവയല്ല. യേശുവിന്റെ കാലത്തും വിവിധ വിഭാഗക്കാർതമ്മിൽ വഴക്കും അക്രമവും ഉണ്ടായിരുന്നു. എന്നാൽ യേശു നമുക്ക് വ്യത്യസ്തമായ പാത കാട്ടിത്തന്നു. ജീവന് വില കല്പിക്കാതെ അക്രമങ്ങളിൽ ഏർപ്പെടുന്നവരെയും സ്നേഹിക്കാൻ യേശു പറയുന്നു. ആദ്യമെല്ലാം ഇത് ഭാരമേറിയ നുകമായി എനിക്കനുഭവപ്പെട്ടെങ്കിലും അവന്റെ നുകം മൃദുവും ചുമട് ലഘുവുമാണെന്ന് യേശു പറയുന്നു. ഈ ഭാരക്കുറവ് എങ്ങനെ നമുക്ക് അനുഭവിക്കാം? ദൈവകൃപയാൽ മാത്രമേ അതിന് കഴിയൂ. നമ്മെ ദ്രോഹിക്കുന്ന അയൽക്കാരെ സ്നേഹിക്കുക എന്ന ഭാരമുള്ള നുകം നാം വഹിക്കുന്നു. ഇത് എളുപ്പമല്ലെങ്കിലും ദൈവകൃപ നമുക്ക് ശക്തി പകരുന്നു.

ഓരോ പ്രഭാതത്തിലും ആമിനയെ സ്കൂളിലേക്ക് അയക്കുന്നതിന് മുമ്പ് പ്രാർത്ഥിക്കുമ്പോൾ ഞാൻ ഇപ്രകാരം അവളെ ഓർപ്പിക്കുന്നു: “ലോകത്തിൽ നിങ്ങൾക്ക് കഷ്ടം ഉണ്ട് എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു.” ലളിതസുന്ദരമായ ഒരു ജീവിതത്തെക്കുറിച്ചുള്ള പ്രതീക്ഷയിൽ നിന്നല്ല നമ്മുടെ ശക്തി വരുന്നത്. മറിച്ച്, നമ്മുടെ ഓരോ കഷ്ടതയുടെയും മദ്ധ്യത്തിൽ ക്രിസ്തു നമുക്കൊപ്പം നടക്കുന്നു എന്ന ആഴമേറിയ തിരിച്ചറിവിൽനി

ന്നാണ്. പീഡനങ്ങളുടെ മദ്ധ്യേ ഞങ്ങൾ ഒരു വിടുതലിനായി കാത്തിരിക്കുകയല്ല; ഞങ്ങൾ ഓരോ സ്നേഹപ്രവൃത്തിയും ക്ഷമയും ഞങ്ങളുടെ ജീവിതത്തിലെ ക്രിസ്തുവിന്റെ അത്യന്തശക്തിയെ പ്രകാശിപ്പിച്ചുകൊണ്ട് ഞങ്ങളുടെ വിശ്വാസം ജീവിച്ചു കാട്ടുകയാണ് ചെയ്യുന്നത്.

ലേയയുടെ ജീവിതം വിശ്വാസത്തിനായി നല്കേണ്ട വിലയെ നമുക്ക് കാട്ടിത്തരുന്നു. അതിന്റെ ശക്തിയെയും അത് കാട്ടുന്നു. ദമത്രുവിൽ ഒരു ചെറിയ ക്രിസ്തീയ സമൂഹം ലെയയുടെ വിടുതലിനായി നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. അവരുടെ പ്രത്യാശ, മാറ്റമില്ലാത്ത വിശ്വാസം എന്നിവ എന്നെ എന്റെ അയൽക്കാരായ മുസ്ലീങ്ങളുടെ മദ്ധ്യത്തിൽ വിശ്വാസത്തിലും സ്നേഹത്തിലും തുടരുവാനും ജീവിക്കുവാനും എന്നെ പ്രചോദിപ്പിക്കുന്നു. ആമിന സ്കൂളിലേക്ക് പോകുന്നത് കാണുമ്പോൾ ഞാൻ അവളുടെ സുരക്ഷയ്ക്ക് വേണ്ടി മാത്രമല്ല അവളുടെ ഹൃദയത്തിനായും പ്രാർത്ഥിക്കുന്നു. ലേയയെപ്പോലെ വിശ്വാസത്തിൽ അവൾ ഉറപ്പുള്ളവളായിരിക്കുവാൻ ഞാൻ പ്രാർത്ഥിക്കുന്നു. മാത്രമല്ല, അവൾ കണ്ടുമുട്ടുന്ന ഏതൊരു വ്യക്തിയിലും അവരുടെ മതം ഏതെന്നു നോക്കാതെ അവരിൽ ദൈവത്തിന്റെ പ്രതിരൂപം കാണുവാനുള്ള സ്നേഹം നല്കണമേ എന്നും ഞാൻ പ്രാർത്ഥിക്കുന്നു.

ഇങ്ങനെയാണ് നമുക്ക് ജീവിതത്തിൽ ദൈവിക സമാധാനം കണ്ടെത്താൻ കഴിയുക-വെറുപ്പിലൂടെയും അസഹിഷ്ണുതയിലൂടെയും അല്ല, മറിച്ച് പീഡനകാലത്തും ക്രിസ്തുവിന്റെ സ്നേഹം നമ്മിലൂടെ ഒഴുകുവാൻ അനുവദിക്കുന്നതിലൂടെയാണ്. ഇത് ദിവസവുമുള്ള ഒരു സമർപ്പണമാണ്. അപ്രകാരം ഒരു സമർപ്പണത്തിലൂടെ നാം നമ്മുടെ ഭാരം ലഘൂകരിക്കപ്പെടുന്നത് അനുഭവിക്കും. ദൈവത്തിൽ നാം വിശ്രാമം കണ്ടെത്തുകയും ചെയ്യുന്നു.

**മദ്ധ്യസ്ഥ പ്രാർത്ഥന**

*നമുക്ക് പ്രാർത്ഥിക്കാം:* വിശ്വാസികളെ കാവലണയ്ക്കുന്നവനും പീഢ അനുഭവിക്കുന്നവരുടെ കർത്താവുമായ ദൈവമേ, ഞങ്ങൾ ലേയയുടെ കഥയിൽക്കൂടെയും ജതോയെപ്പോലെ തങ്ങളുടെ മക്കളെ നിരന്തരം അക്രമം നടക്കുന്ന ചുറ്റുപാടുകളിൽ മക്കളെ അയക്കേണ്ടിവരുന്ന അമ്മമാരുടെ ഭയവും വേദനയും മനസ്സിലാക്കുന്നു.

യേശുകർത്താവേ, അവിടുന്ന് പീഢ അനുഭവിക്കുകയും വിശ്വാസത്തിൽ ഉറച്ചു നില്ക്കുകയും ചെയ്തുവല്ലോ. വിശ്വാസം നിമിത്തം പീഡിപ്പിക്കപ്പെടുന്ന ലേയാ ഷരീബുവിനെയും അവളെപ്പോലെയുള്ളവരെയും ഓർത്ത് പ്രാർത്ഥിക്കുന്നു. അവരുടെ കൂരിരുളിന്റെ നാളുകളിൽ അവർക്കൊപ്പം നീ ഉണ്ടായിരിക്കണമേ. ഞങ്ങളെയും പ്രതികൂലങ്ങളുടെ മദ്ധ്യത്തിൽ തളരാതെ നില്ക്കുവാൻ ശക്തീകരിക്കണമേ.

പരിശുദ്ധാത്മാവേ, അക്രമങ്ങളാലും മറ്റ് കാരണങ്ങളാലും സ്വഭവനം വിട്ട് അഭയാർത്ഥികളായി അന്യ ദേശങ്ങളിലും ക്യാമ്പുകളിലും പാർക്കുവാൻ നിർബന്ധിതരായവരെ ഓർത്ത് ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഇപ്രകാരം ആക്കപ്പെട്ടവരുടെ സുരക്ഷയ്ക്കായും അവരുടെ ആവശ്യങ്ങൾ നിറവേറപ്പെടുവാനും പുതിയ ആരംഭങ്ങൾ ഉണ്ടാകുവാനുമായി ഞങ്ങൾ അപേക്ഷിക്കുന്നു.

നീതിമാനായ ദൈവമേ, ഞങ്ങളുടെ സമൂഹത്തെ കീറിമുറിക്കുന്ന പാപങ്ങളെയും, ഭയം വിതറുന്ന അസഹിഷ്ണുതയും, അക്രമത്തിന് തിരികൊളുത്തുന്ന വെറുപ്പും, അനീതി നിലനില്ക്കുന്നതിന് വളംവെച്ചു കൊടുക്കുന്ന മനോഭാവവും തിരുമുമ്പിൽ ഏറ്റുപറയുന്നു. ഞങ്ങളുടെ അയൽക്കാരിൽ നിന്നും ഞങ്ങളെ അകറ്റുന്ന എല്ലാ കെട്ടുകളെയും തകർക്കുവാൻ ശക്തി നല്കണമേ. ഭീതിയും അക്രമവും വ്യാപിപ്പിക്കുന്ന തീവ്രവാദത്തിനെതിരെ നില്ക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. മനുഷ്യജീവന്റെ മൂല്യത്തെക്കുറിച്ചും സമാധാനത്തിന്റെ മാർഗ്ഗത്തിന്റെ മഹത്വത്തെക്കുറിച്ചും തീവ്രവാദികളിൽ ബോധ്യം വരുത്തണമേ. പ്രിയപ്പെട്ടവരെ നഷ്ടപ്പെടുമെന്നുള്ള ഭീതിയിൽ ജതോയെപ്പോലെ കഴിയുന്നവരെ ആശ്വസിപ്പിക്കണമേ. അതിക്രമികളെ നിരപ്പിന്റെയും അനുരഞ്ജനത്തിന്റെയും പാതയിലേക്ക് നയിക്കണമേ.

ഞങ്ങളുടെ ഭാരം വഹിക്കുന്ന യേശുവേ നിന്റെ സ്നേഹത്തിന്റെയും ക്ഷമയുടെയും നുകം ഏല്ക്കുവാൻ ഞങ്ങളെ സഹായിക്കണമേ. ദുഷ്ടതയോട് എതിർക്കുവാനും സ്നേഹത്തെ വരിക്കുവാനും സൃഷ്ടിപരമായ മാറ്റങ്ങൾക്ക് തയാറാകുവാനും കൃപതരണമേ. ഞങ്ങളെ ഉപദ്രവിക്കുന്നവരോടുപോലും നീതിപൂർവ്വം പ്രവർത്തിപ്പാനും അവരെ അനുഗ്രഹിക്കുവാനും ഞങ്ങളെ ശക്തിപ്പെടുത്തണമേ. നിന്റെ അതുല്യ ശക്തിയിലും വൈരവും വെറുപ്പും ഇല്ലാതാക്കാനുള്ള കഴിവിലും ഞങ്ങൾ ആശ്രയിക്കുന്നു. ആമേൻ

*മാറിടാത്ത യേശുനാഥൻ...*എന്ന ഗാനത്തിന്റെ ഒരു ചരണം പാടാം.

**ബ്ലെസ്സിംഗിന്റെ കഥ**: ദാരിദ്ര്യത്തിന്റെയും നിരാശയുടെയും കഥ

എന്റെ പേര് ബ്ലെസ്സിംഗ്. ഞാൻ ലാഗോസിലാണ് ഇക്കാലമത്രയും ജീവിച്ചിരുന്നത്. പോയ വർഷങ്ങളിൽ നൈജീരിയായിൽ വന്ന മാറ്റങ്ങൾക്ക് ഞാൻ സാക്ഷിയാണ്. എന്നാൽ അത് ഞങ്ങൾ പ്രത്യാശിച്ചതുപോലെയുള്ള മാറ്റമായിരുന്നില്ല. മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളും ഞങ്ങളുടെ മക്കൾക്ക് നല്ല വിദ്യാഭ്യാസ സാഹചര്യങ്ങളും പ്രതീക്ഷിച്ചു, എന്നാൽ രാജ്യം കൂടുതൽ പട്ടിണിയിലേക്കും നിരാശയുടെ ഗർത്തങ്ങളിലേക്കും പതിക്കുകയായിരുന്നു. ഓരോ ദിവസവും ഈ ദുരവസ്ഥ ഞങ്ങളുടെ മനസ്സുകളെ മുരടിപ്പിക്കുന്നത് ഞാൻ കാണുന്നു. നിരാശയുടെ വല്ലാത്ത ഒരു ചക്രത്തിൽ ഞങ്ങൾ അകപ്പെട്ടിരിക്കുന്നു. ഞങ്ങൾ നിരവധി തവണ നിരാശപ്പെട്ടിട്ടുണ്ട്, അതിനാൽ നല്ല കാര്യങ്ങൾ സംഭവിച്ചാൽ പോലും അത് വിശ്വസിക്കുവാൻ ഞങ്ങൾ ബുദ്ധിമുട്ടുന്നു. ഇതാണ് നൈജീരിയായുടെ ഇന്നത്തെ സ്ഥിതി-സ്ഥിതിഗതികളിൽ പുരോഗതി വരുമെന്ന പ്രതീക്ഷ ഞങ്ങളിൽ അറ്റുപോയിരിക്കുന്നു.

ഭരണാധികാരികൾ ജനനന്മയേക്കാൾ അവരിലേക്കുതന്നെ ഒതുങ്ങിയിരിക്കുന്നതായി തോന്നും. ലഭിക്കുന്ന ശമ്പളം ഭൂരിപക്ഷത്തിനും തികയാതെ വരുന്നു. എന്നാൽ ചുരുക്കം ചിലർ അതിസമ്പന്നന്മാരാകുന്നു. പല കുടുംബങ്ങൾക്കും

ഒരു ചാക്ക് അരി (പ്രധാന ആഹാരം) എന്നത് ഒരു ആഡംബരമാണ്. മിടുക്കരും യോഗ്യരുമായ ഞങ്ങളുടെ യൗവനക്കാർ തൊഴിലില്ലാതെ കഴിയുന്നു. പലരും നിരാശയിലേക്ക് പതിക്കുന്നു, ഏറെപ്പേർ ആത്മഹത്യ ചെയ്യുന്നു. ഗതികെട്ട് ചിലർ പിടിച്ചുപറിയിലേക്കും തട്ടിക്കൊണ്ടുപോകലിലേക്കും വേശ്യാവൃത്തിയിലേക്കും തിരിയുന്നു.

ഇത് വളരെ ദുഷിച്ച ഒരു വൃത്തമാണ്. ദാരിദ്ര്യം ഞങ്ങളുടെ മാനസിക ആരോഗ്യത്തെ ബാധിക്കുന്നു. മോശം മാനസികാരോഗ്യം ദാരിദ്ര്യത്തെ അതിജീവിക്കുന്നത് ബുദ്ധിമുട്ടാക്കുന്നു. ധാരാളം സ്രോതസ്സുകളും സാധ്യതകളാലും സമ്പന്നവും നേതൃത്വത്തിലും പ്രതീക്ഷയിലും ദരിദ്രവുമാണ് ഞങ്ങളുടെ രാഷ്ട്രം. നിരാശയുടെ കൂരിരിളിന്റെ മദ്ധ്യത്തിലും ഞാൻ പ്രത്യാശയുടെ വെൺകിരണങ്ങൾ കാണുന്നു. എന്റെ അയൽക്കാരി ഗ്രെയ്സിന്റെ കാര്യം നോക്കാം. അവൾക്ക് ജോലി നഷ്ടപ്പെട്ടു, അതേ വർഷം ഭർത്താവിനെയും നഷ്ടപ്പെട്ടു. തകർന്നുപോകാൻ എല്ലാ സാധ്യതകളും അവൾക്കുണ്ടായിരുന്നിട്ടും അവൾ തളരാതെ സ്വന്തമായി ഒരു സോപ്പ് നിർമ്മാണ പരിപാടി ആരംഭിച്ചു. അത് വലിയ തോതിലുള്ളതല്ല എങ്കിലും അവൾക്കും കുടുംബത്തിനും ജീവിക്കുന്നതിനുള്ള വക അതിൽനിന്നും ലഭിക്കുന്നു.

ഗ്രെയ്സ് കൂടെക്കൂടെ പറയും, "ബ്ലെസിംഗ്, ഞങ്ങൾ പിടിച്ചുനില്ക്കുവാൻ ശ്രമിക്കുകയല്ല, വിശ്വാസത്താൽ ഓരോ ദിവസവും ജീവിക്കുകയത്രെ." അവളുടെ ഈ വാക്കുകൾ "തകർന്നിരിക്കുന്നവരെ അവൻ ഉയർത്തും" എന്ന തിരുവചനം എന്നെ ഓർപ്പിക്കുന്നു. ഒരുനാളിൽ ഈ കൊടുങ്കാറ്റ് നീങ്ങി ശാന്തത വരും എന്ന പ്രതീക്ഷയിൽ വിശ്വാസത്തോടെ ഞങ്ങൾ മുമ്പോട്ട് പോകുന്നു. കർത്താവ് ഞങ്ങൾക്കായി മറ്റൊരു വാതിൽ തുറന്നു തരുമെന്നു ഞങ്ങൾ കാംക്ഷിക്കുന്നു. ശോഭനമായ ഭാവി സ്വപ്നം കണ്ടുകൊണ്ട് ഞങ്ങൾ ഓരോ ദിവസവും തള്ളിനീക്കുന്നു. ഇത് എളുപ്പമല്ല. എങ്കിലും അന്ധകാരമായ തുരങ്കപാതയുടെ അപ്പുറമുള്ള പ്രകാശം കണ്ടുകൊണ്ട് ഞങ്ങൾ മുന്നേറുന്നു.

പോരാട്ടങ്ങളുടെ മദ്ധ്യത്തിലും ഞങ്ങൾ ദൈവത്തിന്റെ വിശ്വസ്ത സാന്നിദ്ധ്യം അനുഭവിക്കുന്നു. ഇതാണ് എന്റെ സാക്ഷ്യം. ഞങ്ങൾ ഭാരം വഹിക്കുന്നവരെങ്കിലും തകർന്നവരല്ല. വികസിതവും സമാധാനാന്തരീക്ഷവുമുള്ള ഒരു നൈജീരിയ സ്വപ്നം കണ്ടുകൊണ്ട് ഞങ്ങൾ പ്രത്യാശ കൈവിടാതെ പ്രാർത്ഥനാപൂർവ്വം അദ്ധ്വാനിക്കുന്നു.

**മദ്ധ്യസ്ഥ പ്രാർത്ഥന**

*നമുക്ക് പ്രാർത്ഥിക്കാം:* സകലത്തിനും ജീവൻ നല്കുന്നവനും പുലർത്തുന്നവനുമായ പരിശുദ്ധനായ ദൈവമേ, ഏറ്റവും പ്രയാസകരമായ സാഹചര്യങ്ങളിലും തളരാതെ മുമ്പോട്ട് പോകുന്നതിന് ബ്ലെസിംഗിനെപ്പോലെയുള്ളവർക്ക് നല്കിയിരിക്കുന്ന സഹനത്തിനും പ്രത്യാശക്കുമായി ഞങ്ങൾ നിന്നെ വാഴ്ത്തുന്നു. ജീവിതഭാരങ്ങളാൽ തളർന്നിരിക്കുന്ന ഓരോരുത്തരെയും തുടർന്നും ശക്തീകരിക്കണമേ. കർത്താവേ പലയിടങ്ങളിലും വ്യാപകമായ പട്ടിണിയെക്കുറിച്ച് നിനക്കറിയാമല്ലോ. കുട്ടികൾ അപ്പമില്ലാതെ തളർന്നുറങ്ങുന്നു. കുടുംബങ്ങൾ ആവശ്യങ്ങൾ നിറവേറ്റുന്നതിന് കഷ്ടപ്പെടുന്നു. കരുതുന്നവനായ യഹോവാ യീരേ നീയാകുന്നുവല്ലോ. കർത്താവേ നിന്റെ കരുതലിനായി ഞങ്ങൾ നിലവിളിക്കുന്നു. അവസരങ്ങളുടെ വാതിലുകൾ തുറക്കണമേ. സഹായിക്കാൻ കഴിവുള്ളവരുടെ ഉള്ളങ്ങളെ ഉരുക്കണമേ.

മാനസിക ആരോഗ്യപ്രശ്നങ്ങൾ നേരിടുന്ന ഏവരെയും ഞങ്ങൾ പ്രാർത്ഥനയിൽ ഓർക്കുന്നു. ദാരിദ്ര്യവും സമ്മർദ്ദങ്ങളും ദൈനംദിന ജീവിതത്തിലെ കഷ്ടതകളുമായിരിക്കാം പലപ്പോഴും ഇതിന് കാരണം. സാമ്പത്തിക സ്ഥിതി വഷളാകുമ്പോഴും പണത്തിന്റെ മൂല്യം ശോഷിക്കുമ്പോഴും അനേക സഹോദരീസഹോദരന്മാർ നിരാശയിലേക്ക് കൂപ്പുകുത്തുന്നത് ഞങ്ങൾ കാണുന്നു. ആത്മഹത്യയെക്കുറിച്ച് ചിന്തിക്കുന്നവരെ അതിൽ നിന്നു പിന്തിരിയാൻ തക്കവണ്ണം കർത്താവേ നീ അവരെ ആശ്വസിപ്പിക്കുകയും അവർക്ക് നിന്റെ ദൃഷ്ടിയിൽ വലിയ വില ഉണ്ടെന്ന് ബോധ്യപ്പെടുത്തുകയും ചെയ്യണമേ. മറ്റ് ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നവരെയും ഞങ്ങൾ ഓർക്കുന്നു. ലോകത്ത് പടർന്ന് ഗ്രസിച്ചിരിക്കുന്ന പകർച്ചവ്യാധികളെ ഓർത്ത് പ്രാർത്ഥിക്കുന്നു. ഇത്തരം സാഹചര്യങ്ങളെ ഫലപ്രദമായി നേരിടുന്നതിന് പാരിസ്ഥിതിക പ്രവർത്തകർക്കും ആരോഗ്യപ്രവർത്തകർക്കും പരിജ്ഞാനം ഉണ്ടാകുവാൻ ഞങ്ങൾ പ്രാർത്ഥിക്കുന്നു.

പണ്ടുകാലങ്ങളിൽ, നാം സമൂഹത്തിലെ പ്രായമായവരെ എപ്രകാരം ശരിയായി പരിരക്ഷിക്കുമെന്ന് ആശങ്കപ്പെട്ടിരുന്നു. സാമ്പത്തിക ക്ലേശങ്ങളാൽ തങ്ങളുടെ വാർദ്ധക്യ കാലം ആസൂത്രണം ചെയ്യുന്നതിന് കഴിയാത്തവർക്കായി പ്രാർത്ഥിക്കുന്നു. അവർക്ക് വേണ്ടിയ കരുതൽ ലഭിക്കുവാനായും അവരുടെ ആവശ്യങ്ങൾ നിറവേറപ്പെടുവാനുമായി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ജീവിതത്തിലെ സമ്മർദ്ദങ്ങളെ നേരിടുന്നതിന് ബുദ്ധിമുട്ടുന്ന വ്യക്തികൾക്കും കുടുംബങ്ങൾക്കുമായി ഞങ്ങൾ പ്രാർത്ഥിക്കുന്നു. സമ്മർദ്ദങ്ങളും ദുരിതങ്ങളും അന്യോന്യം കൈത്താങ്ങുന്നതിന് തടസ്സമാകുമ്പോൾ നിന്റെ നിലയ്ക്കാത്ത സ്നേഹത്തെയും കരുതലിനെയും ഞങ്ങളെ ഓർപ്പിക്കണമേ. അതേ കൃപ ഞങ്ങളുടെ ചുറ്റുമുള്ളവർക്കും പങ്കിടാൻ ഞങ്ങളെ സഹായിക്കണമേ.

യേശുവേ, ഞങ്ങളെ തളർത്തുന്ന എല്ലാ ഭാരങ്ങളുമായി നിന്റെ അടുക്കൽ വരുവാൻ ഞങ്ങളെ നീ ക്ഷണിച്ചുവല്ലോ. ഇതാ ഞങ്ങൾ വരുന്നു! ഞങ്ങളുടെ ഭാരങ്ങളെ കുറയ്ക്കണമേ, സകല ഭാരവും നിന്നിൽ അർപ്പിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമേ. പരിശുദ്ധാത്മാവാം ദൈവമേ, ഞങ്ങളുടെ പ്രതിസന്ധികളിൽ ഞങ്ങളെ ആശ്വസിപ്പിക്കണമേ. മുമ്പോട്ടുള്ള വഴി അറിയാത്ത സാഹചര്യങ്ങളിൽ ഞങ്ങളുടെ വഴികാട്ടിയായിരിക്കണമേ. പാത ദുഷ്കരമായിരിക്കുമ്പോഴും മുമ്പോട്ടു പോകുവാനുള്ള വിശ്വാസം ഞങ്ങൾക്ക് നല്കണമേ. മറ്റുള്ളവർക്ക് പ്രകാശമായിരിപ്പാനും ഞങ്ങളാൽ ആവും വിധം അവർക്ക് പിന്തുണ നല്കുവാനും പ്രതീക്ഷ നല്കുവാനും ഞങ്ങളെ പ്രാപ്തരാക്കണമേ.

നിന്റെ മാറ്റമില്ലാത്ത സ്നേഹത്തിലും ഞാൻ നിങ്ങളെ ഒരുനാളും കൈവിടുകയില്ല ഉപേക്ഷിക്കയുമില്ല എന്ന വാഗ്ദത്തത്തിലും ഞങ്ങൾ ആശ്രയിക്കുന്നു. ആമേൻ.

*മാറിടാത്ത യേശുനാഥൻ...*എന്ന ഗാനത്തിന്റെ ഒരു ചരണം പാടാം.

പ്രവർത്തനത്തിനായുള്ള ആഹ്വാനം

ഈ ആരാധനയിൽ പങ്കെടുത്തതിലൂടെ നമുക്ക് ലോകമെമ്പാടുമുള്ള പ്രത്യേകിച്ച്, നൈജീരിയായിൽ ഉള്ള നമ്മുടെ സഹോദരിമാർ വഹിക്കുന്ന ഭാരങ്ങളെക്കുറിച്ച് ചില അറിവ് ലഭിക്കുവാനിടയായി. നമ്മുടെ ഈ വിഷയങ്ങൾ നിങ്ങളുടെ ഭാരം എന്റെ മേൽ ഇട്ടുകൊൾക എന്നു പറഞ്ഞവന്റെ സന്നിധിയിൽ കൊണ്ടുവന്ന് ഒരുമിച്ച് പ്രാർത്ഥിക്കുവാനും ഇടയായി.

പ്രാർത്ഥനാപൂർവ്വമായ പ്രവർത്തനത്തിലേക്ക് നാം കടക്കാനുള്ള സമയമാണ് ഇത്. ലോകപ്രാർത്ഥനാ ദിനത്തിന്റെ മുദ്രാവാക്യം *"പരിജ്ഞാനപൂർവ്വമായ പ്രാർത്ഥന, പ്രാർത്ഥനാപൂർവ്വമായ പ്രവർത്തനം"* എന്നതാണ്. ലോകത്തിന് പരിവർത്തനം വരുത്തുന്ന പ്രവർത്തനങ്ങളിലേക്ക് നാം നീങ്ങണമെന്ന് ഇത് നമ്മെ ഓർപ്പിക്കുന്നു.

പ്രത്യാശയും വിശ്രാമവും ആഗ്രഹിക്കുന്ന ലോകത്തിൽ ക്രിസ്തുവിന്റെ കരങ്ങളും കാലുകളും ആകുവാൻ നമുക്ക് നമ്മെത്തന്നെ സമർപ്പിച്ചുകൊണ്ട് നമുക്ക് ഈ ആഹ്വാനത്തോട് പ്രതികരിക്കാം.

നേതാവ്: ഭാരമേറിയ ലോകത്ത് നമുക്ക് എവിടെയാണ് ആശ്വാസം കണ്ടെത്താൻ കഴിയുക?

**എല്ലാവരും: നമ്മുടെ സകലഭാരവും വഹിക്കുന്ന ക്രിസ്തുവിൽ**

നേതാവ്: സമ്മർദ്ദകരമായ സാഹചര്യങ്ങളോട് നാം എങ്ങനെയാണ് പ്രതികരിക്കുക?

**എല്ലാവരും: ഈ കൊടുങ്കാറ്റ് കടന്നുപോകും എന്ന് വിശ്വസിച്ച് ഉറപ്പോടെ നാം നില്ക്കുന്നു**

നേതാവ്: അനിശ്ചിതത്വങ്ങളുടെ മദ്ധ്യേ നാം എവിടെയാണ് ആശ്രയിക്കുക?

**എല്ലാവരും: ജീവദാതാവും സകലത്തെയും പരിപാലിക്കുന്നവനുമായ ദൈവത്തിൽ**

നേതാവ്: നമുക്ക് ചുറ്റുമുള്ളവർ ഭാരം പേറി തളരുന്ന സമയത്ത് നാം എന്തു ചെയ്യും?

**എല്ലാവരും: ക്രിസ്തു നമ്മുടെ ഭാരം വഹിച്ചതുപോലെ നാം അന്യോന്യം ഭാരങ്ങളെ വഹിക്കും.**

നേതാവ്: മുമ്പോട്ടുള്ള നമ്മുടെ പാതയിൽ എന്താണ് നമ്മുടെ പ്രവർത്തനരീതി?

**എല്ലാവരും: പ്രാർത്ഥനാപൂർവ്വമായ പ്രവർത്തനങ്ങളിലൂടെ നമുക്ക് ലഭ്യമായ പ്രാർത്ഥനാവിഷയങ്ങൾ പ്രാവർത്തികമാക്കും**

നേതാവ്: നമുക്ക് ക്രിസ്തുവിന്റെ ബലത്തിൽ മുമ്പോട്ട് പോകാം.

**എല്ലാവരും: ലോകത്തിൽ വെളിച്ചങ്ങളാകുവാൻ ഞങ്ങൾ വിശ്വാസത്തോടും പ്രത്യാശയോടും സ്നേഹത്തോടും മുമ്പോട്ട് പോകുന്നു.**

## സ്തോത്രാർപ്പണം

നമുക്ക് നമ്മുടെ സാമ്പത്തിക പിന്തുണ നല്കിക്കൊണ്ട് തുടരാം.

സ്തോത്രാർപ്പണ സമയം വളരെ അനുഗ്രഹിക്കപ്പെട്ട വേളയാണ്! നൈജീരിയയിലെ സഭകളിൽ ജനങ്ങൾ ദൈവത്തിന് സമർപ്പിക്കുന്നതിലെ സന്തോഷം പ്രകടിപ്പിച്ചുകൊണ്ട് പാടിയും ആടിയും തങ്ങളുടെ കാഴ്ചയുമായി മുമ്പോട്ട് വരുന്നത് സാധാരണമാണ്. ദാനം നല്കുന്നത് ഒരു ഭാരമല്ല മറിച്ച് ദൈവകൃപയോടുള്ള സന്തോഷത്തോടുകൂടിയ പ്രതികരണമാണ് ഈ നൃത്തം. നമുക്കും അതുപോലെ ഇന്ന് സന്തോഷത്തോടും ഉല്ലാസത്തോടും ദൈവത്തിന് ദാനാർപ്പണം ചെയ്യാം.

(ഓരോ രാജ്യക്കാരും സ്തോത്രകാഴ്ച ഏതുവിധത്തിലാണ് ചെലവിടുവാൻ പോകുന്നത് എന്ന് അവിടെയുള്ള WDP കമ്മിറ്റിയുമായി ആലോചിച്ച് തീരുമാനിക്കും)

നിങ്ങളുടെ ഔദാര്യദാനങ്ങൾ നാം പ്രാർത്ഥിച്ച വിഷയങ്ങളിൽ ചിലതിലെങ്കിലും പ്രയോജനപ്പെടുത്തുവാൻ ലോകപ്രാർത്ഥനാദിന സംഘാടകർക്ക് സഹായകമാകും. നിങ്ങൾ ആടിയോ പാടിയോ സ്വസ്ഥാനത്തിരുന്നോ സന്തോഷത്തോടെ നല്കുന്ന സ്തോത്ര വഴിപാടുകൾ മറ്റുള്ളവരുടെ ഭാരം ലഘൂകരിക്കുന്നതിൽ നിങ്ങൾക്കുള്ള പ്രതിബദ്ധതയുടെ അടയാളമായി മാറട്ടെ. നമ്മുടെ പ്രാർത്ഥനകൾ പോലെ നമ്മുടെ ദാനങ്ങളും ലോകത്തിൽ ദൈവസ്നേഹത്തിന്റെ ഒരു പ്രത്യക്ഷ പ്രകടനമാകട്ടെ.

## സ്തോർപ്പണ ഗാനം

നന്മയല്ലാതൊന്നും ചെയ്തിടാത്തവൻ തിന്മയാകെ മായിക്കുന്നവൻ
പാപമെല്ലാം മറക്കുന്നവൻ, പുതുജിവൻ എന്നിൽ പകരുന്നവൻ

യേശു, യേശു അവൻ ആരിലും വലിയവൻ
യേശു, യേശു അവൻ ആരിലും മതിയായവൻ

1. ദൈവത്തെ സ്നേഹിക്കുമ്പോൾ സർവ്വം നന്മയ്ക്കായി ഭവിച്ചിടുന്നു
തിരുസ്വരം അനുഭവിച്ചാൽ നമുക്കൊരുക്കിടും അവനഖിലം
കൃപയരുളിടുമേ, ബലമണിയിക്കുമേ
മാറാ മധുരമായ് മാറ്റിടുമേ- യേശു...

2. ഇരുൾ നമ്മെ മൂടിടുമ്പോൾ ലോകവെളിച്ചമായ് അവനണയും
രോഗികളായിടുമ്പോൾ സൗഖ്യദായകൻ അവൻ കരുതും
അവനാലയത്തിൽ സ്വർഗ്ഗനന്മകളാൽ
നമ്മെ നിറച്ചിടും അനുദിനവും- യേശു...

3. കണ്ണുനീർ താഴ്വരകൾ, ജീവജലനദി ആക്കുമവൻ
ലോകത്തിൻ ചങ്ങലകൾ മണിവീണയായ് തീർക്കുമവൻ
സീയോൻ യാത്രയതിൽ മോക്ഷമാർഗ്ഗമതിൽ
സ്നേഹക്കൊടിക്കീഴിൽ നയിക്കുമവൻ- യേശു...

**ഉപസംഹാര വാക്കുകൾ**

*ലീഡർ 1*: “നന്മയല്ലാതൊന്നും ചെയ്തിടാത്തവൻ...” എന്ന ഈരടികൾ പാടി അവസാനിപ്പിക്കുമ്പോൾ അത് നമ്മെ ദൈവത്തിന്റെ നമ്മോടുള്ള ആർദ്ര കരുണയെയും കരുതലിനെയും ഓർപ്പിക്കുന്നു. ഏറിയെ കുരികിലിനെക്കാളും വിശേഷതയുള്ളവരായ നമ്മെ ദൈവം പരിപാലിക്കുന്നു. അവൻ നമ്മുടെ അടിച്ചമർത്തലുകളുടെയും നഷ്ടങ്ങളുടെയും പട്ടിണിയുടെയും നിരാശയുടെയും മാനസിക അനാരോഗ്യത്തിന്റെയും ഭാരങ്ങളെ വഹിക്കുന്നു. ഏറ്റവും കഷ്ടതയേറിയ സന്ദർഭങ്ങളിലും ശക്തിയും പ്രത്യാശയും പകർന്ന് ദൈവം നമ്മുടെ ജീവിതങ്ങളിൽ എപ്രകാരം പ്രവർത്തിക്കുന്നു എന്ന് നാം കേട്ട അനുഭവ സാക്ഷ്യങ്ങളിലൂടെയും മറ്റും തിരിച്ചറിഞ്ഞുകഴിഞ്ഞു.

*ലീഡർ 2*: ചില സഹോദരിമാരുടെ ജീവിതങ്ങളിൽ ദൈവം പ്രവർത്തിച്ചത് എങ്ങനെയെന്ന് നാം ഇന്ന് മനസ്സിലാക്കി. റിയായുടെ സ്കൂളിലെ കൂട്ടുകാർ അവളിൽ ആത്മവിശ്വാസം വളർത്തുകയും അവളിൽ അന്തർലീനമായിരിക്കുന്ന മൂല്യത്തെ അവൾക്ക് ബോധ്യപ്പെടുത്തുകയും ചെയ്തു. സമൂഹത്തിൽ നേരിടുന്ന പ്രതിസന്ധികളെ എങ്ങനെ ദൈവത്തിന്റെ സ്നേഹത്താൽ മറികടക്കാമെന്ന് സഹോദരി ബിയാട്രിസിന്റെ ജീവിതം നമ്മെ കാട്ടിത്തുന്നു. പീഡനങ്ങളുടെ മദ്ധ്യത്തിലും വിശ്വാസത്തെ ശക്തീകരിക്കുന്ന ദൈവശക്തിയെ ജതോയുടെ ജീവിതം നമുക്ക് കാട്ടിത്തന്നു. മാത്രമല്ല, സമാധാനത്തിന്റെ ആയുധങ്ങളായി നാം ഓരോരുത്തരും മാറണമെന്ന വലിയ ദൂതും നമുക്ക് നല്കി. ദാരിദ്ര്യത്തിന്റെയും നിരാശയുടെയും മദ്ധ്യത്തിൽ തളരാതെ ഉറച്ചുനില്ക്കുവാനുള്ള വെല്ലുവിളി ബ്ലെസിംഗിന്റെ ജീവിതം നമുക്ക് നല്കി.

*ലീഡർ 3*: നാം ഈ സ്ഥലം വിട്ടു പോകുമ്പോൾ, ഓരോരുത്തരും മറ്റുള്ളവരുടെ ഭാരം ചുമക്കുന്നതിന് ദൈവത്തൊടൊത്ത് പ്രവർത്തിക്കുവാനുള്ള ദൈവത്തിന്റെ ആഹ്വാനം നമുക്ക് ഓർക്കാം. തളർന്നിരിക്കുന്നവരെ ധൈര്യപ്പെടുത്തിയും പീഡയനുഭവിക്കുന്നവർക്ക് ആശ്വാസം പകർന്നും പോരാട്ടങ്ങളിൽക്കൂടെ കടന്നുപോകുന്നവർക്ക് പ്രത്യാശ പകർന്നും അപ്രകാരം നമ്മുടെ പ്രാർത്ഥനകൾ പ്രാവർത്തികമാക്കുവാൻ നമുക്ക് തയാറാകാം. ലോകത്തിൽ നീതിയും ശാന്തിയും വരുത്തുന്നതിന് നമുക്ക് ദൈവത്തോട് ചേർന്ന് പ്രവർത്തിക്കാം. “അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളോരേ, എന്റെ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും” എന്ന യേശുവിന്റെ വാഗ്ദത്തം ഏറ്റെടുത്ത് ക്രിസ്തുവിന്റെ ശരീരമെന്ന നിലയിൽ നമുക്ക് ശക്തിപ്പെടാം. ഈ വാഗ്ദത്തം നമുക്ക് സമാധാനം നല്കുക മാത്രമല്ല പ്രവർത്തനത്തിനായി നമ്മെ ഉത്സുകരാക്കുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ ഭാവം ധരിച്ചവരായി നമുക്ക് ലോകത്തിലേക്ക് പോകാം. ഏത് പ്രതികൂലങ്ങളുടെയും മദ്ധ്യത്തിൽ സമാധാനവാഹകരായി നമുക്ക് മാറാം. ഇങ്ങനെ ചെയ്യുന്നതിലൂടെ നാം സമാധാനം കണ്ടെത്തുക മാത്രമല്ല ഭാരം വഹിക്കുന്ന അനേകരുടെ ഭാരം ലഘൂകരിക്കുന്നതിനുള്ള ഉപകരണങ്ങളായും മാറുന്നു.

*സ്തുതിഗീതം പാടുക നാം* എന്ന ഗാനത്തിന്റെ ഈരടികൾ വീണ്ടും നമുക്ക് പാടാം.

Copyright © 2024 World Day of Prayer International Committee, Inc.

For further information, please contact:

http://worlddayofprayer.net
jyoti@ncci1914.com, ncci@ncci1914.com